ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:20.08.2025**

## പ്രധാനവാർത്തകൾ

1) പാർലമെൻറിൽ ഇന്നും പ്രതിപക്ഷ ബഹളം; ഓൺലൈൻ ഗെയിമിംഗ് സംബന്ധിച്ച ബിൽ ലോക്സഭയിൽ.

2) ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിൽ എൻ.ഡി.എ സ്ഥാനാർഥി സി.പി.രാധാകൃഷ്ണൻ നാമനിർദ്ദേശ പത്രിക നൽകി; തിരഞ്ഞെടുപ്പ് അടുത്തമാസം ഒൻപതിന്.

3) അമീബിക് മസ്തിഷ്ക ജ്വരത്തിനെതിരെ കർശന ജാഗ്രതയുമായി ആരോഗ്യവകുപ്പ്; രോഗ ലക്ഷണങ്ങളോടെ ഒരു കുട്ടി കൂടി കോഴിക്കോട് ചികിത്സയിൽ.

4) ദേശീയ നഗര ശുചിത്വ സർവേയിൽ നേട്ടം കൈവരിച്ച നഗരസഭകളെ ആദരിക്കുന്ന ചടങ്ങ് മന്ത്രി എം.ബി.രാജേഷ് ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.

5) **SAFF** ¬അണ്ടർ 17 വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പിന് ഇന്ന് ഭൂട്ടാനിൽ തുടക്കം; ആദ്യ മത്സരത്തിൽ ഇന്ത്യ നേപ്പാളിനെ നേരിടും.

&&&&&&&&&&&&&&&&&&

RNU TVPM

## പാർലമെൻറ്

പാർലമെന്റിന്റെ വർഷകാലസമ്മേളനം പുരോഗമിക്കുന്നു. വിവിധ വിഷയങ്ങളുന്നയിച്ച് ഇരുസഭകളിലും ഇന്നും പ്രതിപക്ഷ പ്രതിഷേധം. രാജ്യസഭയും ലോക്സഭയും ഉച്ചക്ക് രണ്ടു മണിവരെ നിർത്തി വച്ചു. ബഹളത്തിനിടെ, ഓൺലൈൻ ഗെയിമിംഗ് പ്രൊമോഷനും നിയന്ത്രണവും സംബന്ധിച്ച ബിൽ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് ലോക്സഭയിൽ അവതരിപ്പിച്ചു. ഓൺലൈൻ ഗെയിമുകൾ വഴിയുണ്ടാകുന്ന സാമൂഹിക, സാമ്പത്തിക, മാനസിക പ്രത്യാഘാതങ്ങൾ തടയുകയാണ് ബിൽ ലക്ഷ്യമിടുന്നത്. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ജമ്മു കശ്മീർ പുനഃസംഘടന (ഭേദഗതി) ബിൽ ലോക്സഭയിൽ അവതരിപ്പിക്കും.

&&&&&&&&&&&&&&&&&&

## ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പ്

17-ാമത് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിൽ എൻഡിഎ സ്ഥാനാർഥി സി.പി രാധാകൃഷ്ണൻ നാമനിർദ്ദേശ പത്രിക നൽകി. പ്രധാനമന്ത്രിയും ബിജെപി മുതിർന്ന നേതാവുമായ നരേന്ദ്രമോദി, പാർട്ടി നേതാക്കളും കേന്ദ്ര മന്ത്രിമാരുമായ രാജ്നാഥ് സിംഗ്, ജെ.പി നഡ്ഡ, അമിത് ഷാ തുടങ്ങിയവരുടെ സാന്നിധ്യത്തിലാണ് പത്രിക നൽകിയത്. അതേസമയം, I.N.D.I സഖ്യത്തിന്റെ സ്ഥാനാർത്ഥി, ബി സുദർശൻ റെഡ്ഡി നാമനിർദേശത്തിനുള്ള അവസാന ദിനമായ നാളെ പത്രിക നൽകും. അടുത്തമാസം ഒൻപതിനാണ് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പ്.

&&&&&&&&&&&&&&&&&&

RNU TVPM

## രാജീവ് ഗാന്ധി ജന്മവാർഷികം

മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ ജന്മവാർഷിക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ശ്രദ്ധാഞ്ജലി അർപ്പിച്ചു. ലോക്സഭാ സ്പീക്കർ ഓം ബിർള, കോൺഗ്രസ് നേതാക്കളും പാർലമെന്റ് അംഗങ്ങളുമായ സോണിയ ഗാന്ധി, മല്ലികാർജുൻ ഖർഗെ, പ്രിയങ്ക ഗാന്ധി, രാഹുൽ ഗാന്ധി തുടങ്ങിയവരും ആദരാഞ്ജലി അർപ്പിച്ചു. രാജീവ് ഗാന്ധിയുടെ ജന്മദിനം രാജ്യം ദേശീയ സദ്ഭാവന ദിനമായാണ് ആചരിക്കുന്നത്.

&&&&&&&&&&&&&&&&&&

## അമിത്ഷാ- കേരളം

ബിജെപി മുതിർന്ന നേതാവും കേന്ദ്ര ആഭ്യന്തര മന്ത്രിയുമായ അമിത് ഷാ വെള്ളിയാഴ്ച കേരളത്തിലെത്തും. കൊച്ചിയിൽ ബിജെപി സംസ്ഥാന നേതൃയോഗം അദ്ദേഹം ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&

PNU TVPM

## മുഖ്യമന്ത്രി - ഡിജിറ്റൽ സാക്ഷരത

സമ്പൂർണ ഡിജിറ്റൽ സാക്ഷരത നേടിയ ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമായി കേരളം. ഈ ചരിത്രനേട്ടത്തിന്റെ പ്രഖ്യാപനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരത്ത് നിർവഹിക്കും. 21 ലക്ഷത്തി 87,667 പഠിതാക്കൾ മൂല്യനിർണയത്തിൽ വിജയിച്ച് ഡിജിറ്റൽ സാക്ഷരത കൈവരിച്ചതായി മന്ത്രി എം.ബി രാജേഷ് അറിയിച്ചു.

&&&&&&&&&&&&&&&&&&

## പ്ലാസ്റ്റിക്കിന് ബദൽ ഉത്പന്നങ്ങൾ (ഇൻട്രോ)

കണ്ണൂർ ജില്ലയിലെ ന്യൂമാഹി ഗ്രാമ പഞ്ചായത്തിൽ പ്ലാസ്റ്റിക്കിന് ബദൽ ഉൽപന്നങ്ങൾ നിർമിക്കാനുള്ള പദ്ധതിക്ക് തുടക്കമിടുന്നു. സംരംഭകരുടെ പങ്കാളിത്തതോടെയാണ് പദ്ധതി നടപ്പാക്കുക.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി **കെ.ഒ.ശശിധരൻ......**

(വോയിസ്)

&&&&&&&&&&&&&&&&&&

## എം.ബി.രാജേഷ്

ദേശീയ നഗര ശുചിത്വ സർവേയിൽ മികച്ച മുന്നേറ്റം നടത്തിയ നഗരസഭകളെ ആദരിക്കുന്ന ശുചിത്വഭേരി 2025 പരിപാടി മന്ത്രി എം.ബി.രാജേഷ് ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. ഹരിതമിത്രം 2.0 യുടെ ഔദ്യോഗിക ലോഞ്ചിങ്ങും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശുചിത്വ ഗ്രേഡിങ് ഉദ്ഘാടനവും മന്ത്രി നിർവഹിക്കും. രാജ്യത്തെ നഗര ശുചിത്വ സർവേയിൽ ഇക്കുറി കേരളത്തിലെ എട്ട് നഗരങ്ങൾ ആദ്യ നൂറിലും, 82 നഗരങ്ങൾ ആദ്യ ആയിരത്തിലും ഇടംപിടിച്ചിരുന്നു.

RNU TVPM

&&&&&&&&&&&&&&&&&&

## അമീബിക് മസ്തിഷ്ക ജ്വരം- കോഴിക്കോട്

അമീബിക് മസ്തിഷ്ക ജ്വരം ലക്ഷണങ്ങളോടെ ഒരു കുട്ടിയെ കൂടി കോഴിക്കോട് മെഡിക്കൽ കോളെജിൽ പ്രവേശിപ്പിച്ചു. മലപ്പുറം ചേളാരി സ്വദേശിയായ 11 കാരിയാണ് ചികിത്സയിലുള്ളത്. നേരത്തെ രോഗം ബാധിച്ച മൂന്ന് മാസം പ്രായമുള്ള കുഞ്ഞ് തീവ്ര പരിചരണ വിഭാഗത്തിൽ ചികിത്സയിൽ തുടരുകയാണ്.

അതേസമയം, അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് മരിച്ച താമരശേരിയിലെ ഒൻപത് വയസുകാരിയുടെ സഹോദരങ്ങൾക്ക് രോഗമില്ലെന്ന് പരിശോധനയിൽ വ്യക്തമായി. കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കുളിക്കുന്നതും നീന്തുന്നതും ഒഴിവാക്കണമെന്നും കിണർ വെള്ളം നിശ്ചിത ഇടവേളകളിൽ ക്ലോറിനേറ്റ് ചെയ്യണമെന്നും ആരോഗ്യവകുപ്പ് നിർദേശിച്ചു.

&&&&&&&&&&&&&&&&&&

## മസ്തിഷ്ക ജ്വരം തെറ്റിദ്ധാരണ

അമീബിക്ക് മസ്തിഷ്ക ജ്വരം പരിശോധനയിൽ കാലതാമസമെന്ന തരത്തിൽ പ്രചരിക്കുന്ന വാർത്ത അടിസ്ഥാനരഹിതമാണെന്ന് സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ് അറിയിച്ചു. നിലവിൽ രോഗ സ്ഥിരീകരണം ഉൾപ്പടെ നടത്താനുള്ള സംവിധാനം തിരുവനന്തപുരം പബ്ലിക് ഹെൽത്ത് ലാബിൽ സജ്ജമായിട്ടുണ്ട്. കോഴിക്കോട് മൈക്രോബയോളജി ലാബിൽ അമീബയാണോ എന്ന് കണ്ടെത്താനുള്ള പ്രാഥമിക പരിശോധനാ സൗകര്യവുമുണ്ടെന്നും അധികൃതർ വ്യക്തമാക്കി.

RNU TVPM

&&&&&&&&&&&&&&&&&&

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 31 ന്. മൻ കി ബാത്തിന്റെ 125-ാം പതിപ്പാണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 29 വരെ പങ്കുവയ്ക്കാം.

&&&&&&&&&&&&&&&&&&

## കാലാവസ്ഥ

മുംബൈയിൽ മഴയ്ക്ക് നേരിയ ശമനം. മുംബൈ, താനെ, പാൽഘർ എന്നിവിടങ്ങളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. സംസ്ഥാനത്തും ഒറ്റപ്പെട്ട ഇടങ്ങളിൽ മഴയ്ക്ക് സാധ്യത. കർണാടക തീരത്ത് ഇന്നും ലക്ഷദ്വീപ് തീരത്ത് നാളെയും മറ്റന്നാളും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&&&

## മനുഷ്യ വന്യജീവി സംഘർഷം

മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണം സംബന്ധിച്ച് സംസ്ഥാന സർക്കാർ പൊതുജനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ തുടങ്ങിയവരുടെ അഭിപ്രായങ്ങൾ തേടി. മനുഷ്യ വന്യജീവി സംഘർഷ ലഘൂകരണത്തിനായുള്ള നയ സമീപനരേഖ പ്രഖ്യാപിക്കുന്നതിനു മുന്നോടിയായാണ് നടപടി. വനം വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച കരട് നയ സമീപന രേഖ പരിശോധിച്ച് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഈ മാസം 27 ന് മുൻപ് hwcpolicy.submission@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്.

RNU TVPM

&&&&&&&&&&&&&&&&&&

## വർണപ്പകിട്ട് (ഇൻട്രോ)

സാമൂഹ്യനീതി വകുപ്പ് സംഘടിപ്പിക്കുന്ന വർണപ്പകിട്ട് ട്രാൻസ്ജെൻഡർ ഫെസ്റ്റിന് നാളെ കോഴിക്കോട് തുടക്കമാകും. മന്ത്രി മുഹമ്മദ് റിയാസ് ഉദ്ഘാടനം നിർവഹിക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു.......

(ഹോൾഡ്)

&&&&&&&&&&&&&&&&&&

## അണ്ടർ-17 വനിതാ ചാമ്പ്യൻഷിപ്പ്

സൗത്ത് ഏഷ്യൻ ഫുട്ബോൾ ഫെഡറേഷന്റെ അണ്ടർ 17 വനിതാ ചാമ്പ്യൻഷിപ്പിന് ഇന്ന് ഭൂട്ടാനിൽ തുടക്കം. ഉച്ചക്ക് 2.30 ന് തിംഫുവിലെ ചാങ്ലിമിതാങ് സ്റ്റേഡിയത്തിൽ നടക്കുന്ന മത്സരത്തിൽ ഇന്ത്യ നേപ്പാളിനെ നേരിടും. വൈകിട്ട് ആറിന്, ആതിഥേയരായ ഭൂട്ടാനും ബംഗ്ലാദേശും കളത്തിലിറങ്ങും. 2018 ലും 19 ലും ഭൂട്ടാനിൽ നടന്ന ടൂർണമെന്റിൽ ഇന്ത്യയാണ് കിരീടം ചൂടിയത്.

&&&&&&&&&&&&&&&&&&

## രേഖ ഗുപ്ത-ആക്രമണം

ഡൽഹി മുഖ്യമന്ത്രി രേഖ ഗുപ്തയ്ക്ക് നേരെ ആക്രമണം. ഇന്ന് രാവിലെ ദേശീയ തലസ്ഥാനത്തെ മുഖ്യമന്ത്രിയുടെ വസതിയിൽ ജനസമ്പർക്ക പരിപാടിക്കെത്തിയ യുവാവാണ് ആക്രമിച്ചത്. ഡൽഹി ബി.ജെ.പി അധ്യക്ഷൻ വീരേന്ദ്ര സച്ച്ദേവ, ആം ആദ്മി പാർട്ടി നേതാവും ഡൽഹി പ്രതിപക്ഷ നേതാവുമായ അതിഷി തുടങ്ങിയവർ ആക്രമണത്തെ അപലപിച്ചു.

&&&&&&&&&&&&&&&&&&

## കുടുംബശ്രീ അംഗീകാരം

കോഴിക്കോട് കൊയിലാണ്ടി നഗരസഭ കുടുംബശ്രീ സിഡിഎസിന് ISO അംഗീകാരം ലഭിച്ചു. ISO രണ്ടാം ഘട്ട ഓഡിറ്റ് വിജയകരമായി പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിലാണ് സർട്ടിഫിക്കേഷൻ ലഭിച്ചത്.

&&&&&&&&&&&&&&&&&&

RNU TVPM

## ഓഹരി

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 195 പോയിൻറ് ഉയർന്ന് 81,840 ലും നിഫ്റ്റി 64 പോയിൻറ് നേട്ടത്തിൽ 25,045 ലും വ്യാപാരം തുടരുന്നു.

&&&&&&&&&&&&&&&&&&

## ഗോവിന്ദച്ചാമി-അന്വേഷണ കമ്മീഷൻ

കണ്ണൂർ സെൻട്രൽ ജയിലിൽ നിന്ന് കുറ്റവാളി ഗോവിന്ദച്ചാമി രക്ഷപെട്ട സംഭവത്തിൽ സുരക്ഷ വീഴ്ച്ച ഉണ്ടായോ എന്ന് പരിശോധിക്കുമെന്ന് അന്വേഷണ കമ്മീഷൻ അംഗം റിട്ട. ജസ്റ്റിസ് സി.എൻ.രാമചന്ദ്രൻ നായർ. ഗോവിന്ദച്ചാമിയെ പാർപ്പിച്ചിരുന്ന ബ്ലോക്ക് അദ്ദേഹം പരിശോധിച്ചു. സംസ്ഥാനത്തെ എല്ലാ ജയിലുകളിലും സന്ദർശനം നടത്തി ആറുമാസത്തിനകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുമെന്നും അദ്ദേഹം കണ്ണൂരിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&&&&&

## പി,എ,മുഹമ്മദ് റിയാസ്

കൊല്ലം നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട ആശ്രാമം ലിങ്ക് റോഡിൻ്റെ നവീകരണം പൂർത്തിയായതായി മന്ത്രി പി.എ.മുഹമ്മദ് റിയാസ്. കൊല്ലം കച്ചേരി മുതൽ ആശ്രാമം മൈതാനം വരെയുള്ള ലിങ്ക് റോഡ് 10 കോടി രൂപ ചെലവഴിച്ചാണ് നവീകരിച്ചത്. കൊല്ലം നഗരത്തിലെ വാഹനത്തിരക്ക് കുറയ്ക്കുന്നതിനൊപ്പം, ജില്ലയുടെ വിനോദസഞ്ചാര കുതിപ്പിന് പദ്ധതി സഹായകരമാണെന്ന് മന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

## കാട്ടാന-കൃഷിനാശം

വയനാട് കൽപ്പറ്റ പെരുന്തട്ട ഗവൺമെന്റ് യു.പി സ്കൂൾ പരിസരങ്ങളിൽ പുലർച്ചെ കാട്ടാനയുടെ ആക്രമണം. സ്കൂളിൻറെ ഗേറ്റ് തകർത്ത കാട്ടാന വ്യാപക കൃഷി നാശവും വരുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## കണ്ണൂർ - ടാങ്കർ മറിഞ്ഞു

കണ്ണൂർ പയ്യന്നൂരിൽ ദേശീയപാതയിൽ ഡീസൽ ടാങ്കർ മറിഞ്ഞു. 14000 ലിറ്റർ ഡീസലുമായി മംഗലാപുരത്ത് നിന്നും തിരുവനന്തപുരത്തേക്ക് പോകുംവഴിയാണ് അപകടം. അഗ്നിരക്ഷ സേനയെത്തി തുടർനടപടികൾ സ്വീകരിച്ചു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

RNU TVPM